# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട*

*ചോദ്യം നമ്പർ : *17* *26/02/2018 -ലെ മറുപടി*

## ദേശീയ ജലപാതാ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ബഷീർ**<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| എ. കോവളം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാതാ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | എ. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടുന്ന ദേശീയജലപാത III ന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാൻറ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യാ ആണ് നടപ്പിലാക്കുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യവും, ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗത യോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം , ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. |

വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 – 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയി-ട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനും ഇതിനിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

**ബി.** ഇതിന്റെ നിർമ്മാണ ചുമതല ആരെയാണ് ഏൽപിച്ചിരിക്കുന്നത് ;

**ബി.** കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള ഭാഗങ്ങൾ ഉൾനാടൻ ജലഗതാഗത ഡയറക്ടേറ്റ്, കൊല്ലം ആഫീസിന്റെ പരിധിയിൽ ആണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത (NW-3)-ൽ കേന്ദ്ര സ്ഥാപനമായ IWAI യുടെ ചുമതലയിലാണ് നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നത്. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണവും മാഹി-വളപട്ടണം വരെയുള്ള ഭാഗങ്ങളുടെ പുനർ നിർമ്മാണവും

ഹോസ്ദുർഗ്ഗ് മുതൽ കാസർകോട് വരെയുള്ള ഭാഗങ്ങളുടെ നിർമ്മാണ പ്രവൃത്തികളും കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) വഴിയാണ് നടപ്പിലാക്കി വരുന്നത്.

**സി.** ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

**സി.** മൂന്ന ഘട്ടങ്ങളിലായി ദേശീയ ജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. 2020 -ൽ തീരുന്ന രീതിയിൽ ഒന്നാം ഘട്ടം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. രണ്ടും മൂന്നും ഘട്ടങ്ങൾ 2020 ന് ശേഷമായിരിക്കും പൂർത്തീകരിക്കുന്നത്.

**ഡി.** സമയബന്ധിതമായി പ്രസ്തുത നിർമ്മാണം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**ഡി.** ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാമാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ